**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **10-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ ശൃംഖലയിലെ കേന്ദ്ര ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയോടുള്ള കേന്ദ്ര സർക്കാർ നിലപാട് പൊതു വിതരണത്തെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. 2011 ലെ സെൻസസിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്കുള്ള റേഷൻ മുൻഗണനാ അംഗങ്ങളുടെ പരിധി കേന്ദ്രം നിശ്ചയിച്ച് നൽകിയിട്ടുള്ളത്. എന്നാൽ നിലവിൽ സംസ്ഥാനത്തെ ജനസംഖ്യയും റേഷൻ കാർഡുകളുടെ എണ്ണവും വർദ്ധിച്ചിട്ടുള്ളതനുസരിച്ച് മുൻഗണനാപരിധി വർദ്ധിപ്പിച്ചിട്ടില്ല. അനർഹർ സ്വമേധയാ സറണ്ടർ ചെയ്തതും ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെയുള്ള പരിശോധനാ നടപടികളിലൂടെ ലഭ്യമായതുമായ മുൻഗണനാ കാർഡുകൾ അർഹരായവരുടെ കൈകളിൽ യഥാസമയം എത്തിച്ചു വരുന്നു.<br><br>സംസ്ഥാനത്തിലെ റേഷൻ മണ്ണെണ്ണ വിതരണം ഗുരുതര പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്രം അനുവദിക്കുന്ന മണ്ണെണ്ണ വിഹിതത്തിൽ ഗണ്യമായ കുറവു വന്നതിനാൽ, മണ്ണെണ്ണ മൊത്തവ്യാപാരികൾ വിതരണമുപേക്ഷിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ജില്ലകളിൽ മണ്ണെണ്ണ മൊത്തവ്യാപാരികൾ കുറയുന്നത് റേഷൻ മണ്ണെണ്ണ വിതരണത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. റേഷൻ പഞ്ചസാര സബ്സിഡി നിലവിൽ എ.എ.വൈ. വിഭാഗത്തിനുമാത്രമായി കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യ വിഹിതം അനുവദിക്കാതിരിക്കുകയും എഫ്.സി.ഐ. ഗോഡൗണിലെ നേരിട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്നും സർക്കാരിനെയും സർക്കാർ ഏജൻസികളെയും വിലക്കുകയും ചെയ്തിട്ടുണ്ടോ; | (ബി) | 2013 ലെ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മുൻപ് പ്രതിവർഷം 16 ലക്ഷത്തോളം മെട്രിക് ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്തിന് ലഭിച്ചിരുന്നു. എന്നാൽ നിലവിൽ സംസ്ഥാനത്തിന് 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം മാത്രമാണ് പ്രതിവർഷം ലഭിക്കുന്നത്. Tide-over വിഹിതമായി ലഭിച്ചിരുന്ന |

| | | | |
|---|---|---|---|
| | | | ഭക്ഷ്യധാന്യത്തിൽ കുറവ് വന്നിരിക്കുകയാണ്. പ്രസ്തുത വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് നിരവധി തവണ കേന്ദ്രത്തോട് അഭ്യർത്ഥിച്ചെങ്കിലും സംസ്ഥാനത്തിന്റെ ആവശ്യം നാളിതുവരെയും പരിഗണിച്ചിട്ടില്ല.<br><br>Open Market Sales Scheme (OMSS) പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യം FCI ൽ നിന്നും ടെണ്ടർ നടപടി മുഖേന വാങ്ങുവാൻ സംസ്ഥാന ഏജൻസികൾക്ക് മുൻപ് സാധിക്കുമായിരുന്നു. പ്രളയം, കോവിഡ് തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്ന് പോയപ്പോൾ OMS സ്കീമിൽ ഭക്ഷ്യധാന്യം വാങ്ങി വിതരണം ചെയ്താണ് സംസ്ഥാനത്ത് അതിജീവന പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. എന്നാൽ നിലവിൽ FCI യുടെ ടെണ്ടർ നടപടികളിൽ പങ്കെടുക്കുവാൻ സംസ്ഥാന ഏജൻസികളെ അനുവദിക്കുന്നില്ല.<br><br>സപ്ലൈകോയുടേയും കൺസ്യൂമർഫെഡിന്റേയും വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ യാതൊരുവിധ സഹായങ്ങളും ലഭിക്കുന്നില്ല. ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തിലെ ഉപഭോഗത്തിന് പ്രതിവർഷം ഉദ്ദേശം 40 ലക്ഷം മെട്രിക് ടൺ അരി ആവശ്യമാണ്. 14.25 ലക്ഷം മെട്രിക് ടൺ മാത്രമാണ് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നത്. ഇതിൽ സംസ്ഥാനത്തെ കർഷകരിൽ നിന്ന് നെല്ലുസംഭരണ പദ്ധതിയിലൂടെ സംഭരിച്ച് അരിയാക്കി വിതരണം ചെയ്യുന്ന ഉദ്ദേശം 5 ലക്ഷം മെട്രിക് ടൺ കഴിച്ച് ബാക്കിയാണ് FCI ൽ നിന്ന് വിട്ടെടുക്കുന്നത്. നെല്ലുൽപാദകരായ കർഷകർക്ക് താങ്ങുവില (MSP) ഇനത്തിൽ നൽകേണ്ട 1079.51 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞു വച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നടപടികൾ സംസ്ഥാനത്തെ ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിന്റെ ഇടപെടൽ നിമിത്തം സപ്ലൈകോയും കൺസ്യൂമർഫെഡും മുഖേന കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുവാൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ക്ലോസ് (ബി)യുടെ മറുപടി കണ്ടാലും. |
| (ഡി) | പ്രസ്തുത സാഹചര്യം പൊതുവിപണിയിൽ ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റത്തിന് കാരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനെ അതിജീവിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | ഉണ്ട്. എന്നാൽ സംസ്ഥാനത്തെ ജനങ്ങളെ ഇത് ബാധിക്കാതിരിക്കാൻ ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊണ്ടു വരുന്നു. NFSA നിയമ പ്രകാരമുള്ള മുൻഗണനാ വിഭാഗങ്ങൾക്ക് പുറമെ മുൻഗണനേതര വിഭാഗങ്ങൾക്കും സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഇതിന് വേണ്ടിവരുന്ന സംഭരണ-ഗതാഗത ചെലവുകൾ ഉൾപ്പെടെ എല്ലാ അനുബന്ധ ചെലവുകളും പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിച്ചു വരുന്നു.<br><br>ഇതിന് പുറമെയാണ് സപ്ലൈകോയുടെയും കൺസ്യൂമർ ഫെഡിന്റെയും വിപണി ഇടപെടൽ പ്രവർത്തനങ്ങൾ. പൊതുവിപണിയിൽ നിന്ന് 41-42 രൂപ നിരക്കിൽ വാങ്ങുന്ന അരിയാണ് കിലോഗ്രാമിന് 12 രൂപ നഷ്ടം സഹിച്ച് സപ്ലൈകോ കെ-റൈസ് എന്ന പേരിൽ 29-30 രൂപാ നിരക്കിൽ വിതരണം ചെയ്തു വരുന്നത്.<br><br>സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് GO(Rt)No.470/2023/F&CSD dt 23/11/2023 പ്രകാരം ബഹു. ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലെയും കളക്ടർമാർ, ഭക്ഷ്യ - കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ കമ്മീഷണർക്ക് നൽകിവരുന്നു. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടിൻമേൽ ഭക്ഷ്യ പൊതുവിതരണ കമ്മീഷണറുടെ ശുപാർശകൾ സഹിതം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ